സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജിലെ മെരിറ്റ് സീറ്റും ഫീസും

154 (3715) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെരിറ്റ് സീറ്റ് വർദ്ധിപ്പിക്കുന്നതിനും ഫീസ് കുറയ്ക്കുന്നതിനും എന്തൊക്കെ നടപടിയാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ മെരിറ്റ് സീറ്റ് എത്ര ശതമാനം വർദ്ധിപ്പിക്കുമെന്നും അതിന് എന്ത് നടപടി സ്വീകരിക്കുമെന്നും വെളിപ്പെടുത്തുമോ ;

(സി) സ്വകാര്യ സ്വാശ്രയ കോളേജിലെ ഫീസ് എത്ര ശതമാനം കുറയ്ക്കുമെന്നും ആയതിന് എന്തു നടപടി സ്വീകരിക്കുമെന്നും വിശദമാക്കാമോ ;

(ഡി) സ്വകാര്യ സ്വാശ്രയ കോളേജിലെ ഫീസ് കുറയ്ക്കുന്നതിനും മെരിറ്റ് സീറ്റ് വർദ്ധിപ്പിക്കുന്നതിനും പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കേരള സർക്കാരിന്റെ നയമനുസരിച്ച് ഗവൺമെന്റ് സീറ്റ് 50% ആയി നിജപ്പെടുത്തിയിട്ടുണ്ട്. സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജിലെ വാർഷിക ഫീസ് 36, 000 രൂപ എന്ന് നിശ്ചയിച്ചിരുന്നത് കുടുംബ വാർഷിക വരുമാനം 60,000 രൂപയോ അതിനു താഴെയോ വരുന്ന വിദ്യാർത്ഥികൾക്ക് 16,000 രൂപയായി കുറച്ച് നിശ്ചയിച്ചിട്ടുണ്ട്.

(ഡി) അന്തിമ തീരുമാനം എടുത്തിട്ടില്ല.

സ്വകാര്യ മാനേജ്മെന്റുകളെ കർശനമായി നിയന്ത്രിക്കാൻ നിയമനിർമ്മാണം

155 (3716) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ഫീസ് കുറയ്ക്കുന്നത് സംബന്ധിച്ച് 7-7-2003-ന് ഗവൺമെന്റ് വിളിച്ചു ചേർത്ത യോഗത്തിൽ ഏതെല്ലാം സ്വകാര്യ മെഡിക്കൽ കോളേജ് പ്രതിനിധികൾ പങ്കെടുത്തു ;

(ബി) സ്വകാര്യ മാനേജ്മെന്റുകളിലേക്ക് ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള സീറ്റ് അലോട്ട്മെന്റ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത യോഗത്തിൽ മാനേജുമെന്റുകൾ ആവശ്യപ്പെട്ടത് എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ആവശ്യങ്ങളിൽ ഗവൺമെന്റ് നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) യോഗത്തിൽ ഗവൺമെന്റിന്റെ ക്ഷണം നിരസിച്ച കോളേജുകളുടെ മേൽ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) ഫീസ് അനിയന്ത്രിതമായി കൂട്ടിയത് സംബന്ധിച്ച് ഭരണക്ഷ-പ്രതിപക്ഷ സംഘടനകൾ പ്രതിഷേധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇതു കുറയ്ക്കണമെന്ന ആവശ്യം സ്വകാര്യ മാനേജ്മെന്റുകളുമായി ചർച്ച ചെയ്തിരുന്നോ എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സ്വകാര്യ മാനേജ്മെന്റുകളെ കർശനമായി നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്താൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) കോലഞ്ചേരി മെഡിക്കൽ മിഷൻ മാനേജ്മെന്റിലെയും കാരക്കോണം സോമർവെൽ മെമ്മോറിയൽ മെഡിക്കൽ കോളേജ് മാനേജ്മെന്റിലേയും പ്രതിനിധികൾ പങ്കെടുത്തു. പുഷ്പഗിരി മെഡിക്കൽ സൊസൈറ്റി പ്രതിനിധികൾ പങ്കെടുത്തില്ല.

(ബി) 50% സീറ്റുകളിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും മാൻഡേറ്ററി റിസർവേഷൻ തത്വം പാലിച്ചുകൊണ്ടും ബാക്കി 50% സീറ്റുകൾ മാനേജ്മെന്റ് നടത്തുന്ന സുതാര്യമായ നടപടി ക്രമങ്ങളിലൂടെയുമാണ് പ്രവേശനം നടത്തേണ്ടത്.

(സി) പങ്കെടുത്ത കോളേജിലെ പ്രതിനിധികൾ ഒരു എം.ബി.ബി.എസ്. വിദ്യാർത്ഥിക്ക് പഠിക്കുന്നതിന് ചെലവാകുന്ന തുകയ്ക്ക് അനുസൃതമായി ഫീസ് നിശ്ചയിക്കണമെന്നും സ്ഥാപനം നഷ്ടത്തിൽ നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുകയില്ലെന്നും അറിയിച്ചു. 2003-04 അദ്ധ്യയന വർഷത്തിൽ കാരക്കോണം ഡോ: സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ. മെഡിക്കൽ കോളേജ് 50% സീറ്റ് സംസ്ഥാന മെരിറ്റ് ലിസ്റ്റിൽ നിന്നും നികത്തുന്നതിന് എതിർപ്പ് പ്രകടിപ്പിച്ചില്ല. എന്നാൽ 2003-04 അദ്ധ്യയന വർഷത്തിലേക്കുള്ള പ്രോസ്പെക്ടസ് പ്രസ്തുത സ്ഥാപനം പ്രസിദ്ധീകരിച്ചു കഴിഞ്ഞതിനാൽ കോലഞ്ചേരി മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ് 50% സീറ്റുകൾ സംസ്ഥാന മെരിറ്റ് ലിസ്റ്റിൽ നിന്നും ഈ വർഷം നികത്തുവാൻ ബുദ്ധിമുട്ടാണെന്ന് അറിയിച്ചു.

(ഡി) 50% സീറ്റുകൾ സംസ്ഥാന മെരിറ്റ് സീറ്റിൽ നിന്നും നികത്തണമെന്നും 2003-04 അദ്ധ്യയന വർഷത്തിലെ ഫീസ് കഴിഞ്ഞ വർഷത്തേതിൽ നിന്നും കുറയ്ക്കണമെന്നുമാണ് സർക്കാർ 7-7-2003-ലെ യോഗത്തിൽ ആവശ്യപ്പെട്ടത്.

(ഇ) ഇതുസംബന്ധിച്ച ഒരു നിർദ്ദേശവും പരിഗണനയിലില്ല.

(എഫ്) 7-7-2003-ലെ യോഗത്തിൽ 2003-04 അദ്ധ്യയനവർഷത്തെ ഫീസ് കഴിഞ്ഞ വർഷത്തേതിൽ നിന്നും കുറയ്ക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) സുപ്രീം കോടതിയുടെ മുമ്പാകെയുള്ള കേസിന്റെ തീർപ്പിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

650/13

LIBRARY ARCHIVES Kerala Legislative Assembly